## 197 'Lead kindly light'

1 സ്നേഹനിധേ! കൃപാസമുദ്രമേ! നമസ്കാരം
ക്രൂശിതനാം ദേവാട്ടിൻകുട്ടിയേ! സദാ സ്തോത്രം
സർവ്വ മഹത്ത്വത്തിന്നും സർവ്വദാ
പ്രഭോ! നീ യോഗ്യൻ പൂജ്യൻ സർവ്വഥാ

2 സ്വർഗ്ഗീയമാം മഹാസദസ്സിൽ നീ സമാരാധ്യൻ
ഭൂമിയിലും ലക്ഷോപലക്ഷങ്ങളിൽ സർവോത്കൃഷ്ടൻ
സച്ചിന്മയൻ, സത്യപ്രഭാകരൻ,
സഭാകാന്തൻ, സർവാംഗസുന്ദരൻ

3 ഭൂവാനങ്ങൾ സൃഷ്ടിച്ചു മുന്നമേ നിൻ ശബ്ദത്താൽ
മാനവരിൻ രക്ഷ സാധിച്ചതോ സ്വരക്തത്താൽ
സ്നേഹമിതെന്നും ആശ്ചര്യപ്രദം
പ്രാണേശാ! ചുംബിക്കുന്നു തൃപ്പദം

4 വർണ്യമല്ലേതും മർത്യനാവിനാൽ നിൻ കാരുണ്യം
കാൽവറിയിൽ തികച്ച ദൈവനീതിയെൻ പുണ്യം
കീർത്തിക്കും നിന്നെയെന്നും നിൻജനം
ത്രീയേക ദൈവത്തിന്നു വന്ദനം E.I.J.